പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1190 30.09.2016 ൽ മറുപടിക്ക്

## പൊതുഗതാഗത സംവിധാനങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.എം. സ്വരാജ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പൊതുഗതാഗത സംവിധാനങ്ങൾ കൂടുതലായി പ്രയോജനപ്പെടുത്തുന്നതിനും അതിലൂടെ മലിനീകരണം, ഇന്ധന ഉപയോഗം എന്നിവയുടെ തോത് കുറയ്ക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നു എന്ന് അറിയിക്കുമോ;<br>(ബി) ഇതു സംബന്ധമായ അവബോധം ജനങ്ങളിൽ സൃഷ്ടിക്കുന്നതിന് പ്രചാരണപരിപാടികൾ നടപ്പിലാക്കുമോ; വിശദാംശം അറിയിക്കുമോ? | (എ) ഉം (ബി) ഉം | 1000 പുതിയ സി. എൻ.ജി ബസുകൾ ഇറക്കുന്നതിന് കെ. എസ്. ആർ. ടി. സി ക്ക് 300 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്നും വായ്പയായി ലഭ്യമാക്കുമെന്ന് 2016-17 ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. സി.എൻ.ജി. ഇന്ധനം ഉപയോഗിക്കുന്നതുമൂലം മലിനീകരണത്തിലും ഇന്ധനചെലവിലും ഗണ്യമായ കുറവ് വരുമെന്ന് പ്രതീക്ഷിക്കുന്നു. നടപ്പു വർഷം 50 കോടി രൂപയാണ് ചെലവ് വകയിരുത്തിയിട്ടുള്ളത്.<br>പൊതുഗതാഗതം കൂടുതലാക്കുന്നതിന്, പൊതുയാത്ര വാഹനങ്ങൾ കൂടുതലായി നിരത്തിലിറക്കുന്നതിന് ഇത്തരം വാഹനങ്ങൾക്ക് പെർമിറ്റ് അപേക്ഷിക്കുന്ന മുറയ്ക്ക് നൽകി വരുന്നു. ഇന്ധന ഉപയോഗം, മലിനീകരണം എന്നിവ കുറയ്ക്കുന്നതിന് നിലവിലുള്ള ഇന്ധന സംവിധാനത്തിൽ നിന്നും മാറി ബാറ്ററി വാഹനങ്ങളുടെ പ്രായോഗികത പഠിച്ചു വരുന്നു. ഇതു കൂടാതെ കൊച്ചി നഗരത്തിലെ പൊതുഗതാഗത സൗകര്യം മെച്ചപ്പെടുത്തുന്നതിനായി കൊച്ചി മെട്രോ റെയിൽ പദ്ധതി നിർമ്മാണം പുരോഗതി പ്രാപിച്ചു വരുന്നു. തിരുവനന്തപുരത്തും, കോഴിക്കോട്ടും ലൈറ്റ് മെട്രോ റെയിൽ പദ്ധതി നടപ്പാക്കാൻ നടപടികൾ ത്വരിതപ്പെടുത്തുന്നുണ്ട്. കൊച്ചിയിൽ ഒരു വാട്ടർ മെട്രോ പദ്ധതിയും രൂപകല്പനചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ